# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 648** **10.07.2014 ൽ മറുപടിയ്ക്ക്**

## ഡാം റീഹാബിലിറ്റേഷൻ ആൻറ് ഇംപ്രൂവ്മെൻറ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.റ്റി. ജോർജ്ജ്<br>ശ്രീ. കെ ശിവദാസൻ നായർ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. പി.സി.വിഷ്ണുനാഥ് | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഡാം റീഹാബിലിറ്റേഷൻ ആൻറ് ഇംപ്രൂവ്മെൻറ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കമോ; | (എ) ഡാം റീഹാബിലിറ്റേഷൻ ആൻറ് ഇംപ്രൂവ്മെൻറ് (ഡ്രിപ് )പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകൾ/ ബാരേജുകൾ/ റെഗുലേറ്റർ ഉൾപ്പെടെ 19 പദ്ധതികളുടെയും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള 12 ജലവൈദ്യുത പദ്ധതികളുടെയും അവയുടെ അനുബന്ധ ഭാഗങ്ങളുടെയും കാര്യക്ഷമത പരമാവധി പുന:സ്ഥാപിച്ച് സുരക്ഷിതമായി നിലനിർത്തുകയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കൂടാതെ അണക്കെട്ട് സുരക്ഷാ വിഭാഗത്തിന്റെ ശാക്തീകരണവും ഡ്രിപ് വിഭാവനം ചെയ്യുന്നുണ്ട്. ഡാമുകളുടെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നുള്ള ഒരു ലക്ഷ്യം കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) ഡ്രിപ് പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 06.02.13-ലെ സ.ഉ.(സാധാ) നം.110/2013/ജവിവ പ്രകാരം ജലസേചന വകുപ്പിന്റെ പദ്ധതികൾക്കായി 158 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള പദ്ധതികൾക്കായി 29.01.2014 ലെ സ.ഉ.(സാധാ) നം.28/2014/പി.ഡി. പ്രകാരം 153.731 കോടി രൂപയുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) ഡ്രിപ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അണക്കെട്ടുകളുടെയും അനുബന്ധ ഭാഗങ്ങളുടെയും പുനരുദ്ധാരണപ്രവർത്തനങ്ങളും , അടിസ്ഥാന സൗകര്യവികസനവുമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. അണക്കെട്ടുകളുടെയും ബന്ധപ്പെട്ട സാഡിൽ ഡാമുകളുടെയും അറ്റകുറ്റപ്പണികളും നവീകരണപ്രവർത്തനങ്ങളും ഷട്ടറുകളുടെയും അനുബന്ധ ഭാഗങ്ങളുടെയും അറ്റകുറ്റപ്പണികളും നവീകരണവും ഇതിൽ ഉൾപ്പെടുന്നു. അണക്കെട്ട് പ്രദേശത്തേയും അനുബന്ധ ഭാഗങ്ങളുടെയും വൈദ്യുതീകരണം, അണക്കെട്ടുകളുടെയും ജലസംഭരണികളുടെയും ഭൂമി സംരക്ഷണ പ്രവർത്തനങ്ങൾ അണക്കെട്ടുകളുടെ സുരക്ഷാക്രമീകരണങ്ങൾക്കുള്ള നടപടികൾ എന്നിവ കൂടി പ്രധാനമായും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) എന്തെല്ലാം സഹായങ്ങളാണ് ലോകബാങ്ക് പ്രസ്തുത പദ്ധതിക്ക് നൽകുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ഡി) സംസ്ഥാന ജലസേചന വകുപ്പിനും വൈദ്യുതി ബോർഡിനും വേണ്ടി 280 കോടി രൂപ (പദ്ധതി കാലയളവിലെ നിരക്ക് വർദ്ധനവ് ഉൾപ്പെടെ) ലോകബാങ്ക് വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ 80% ലോകബാങ്ക് വായ്പയും 20% |

| | | |
|---|---|---|
| | | സംസ്ഥാന വിഹിതവുമാണ്. ലോകബാങ്കിന്റെ നിയന്ത്രണത്തിലുള്ള IDA (International Development Association), IBRD (International Bank for Reconstruction and Development) എന്നീ ഏജൻസികൾ വഴി 50: 50 എന്ന അനുപാതത്തിലാണ് ലോകബാങ്ക് വായ്പ ലഭിക്കുന്നത്. സങ്കീർണ്ണമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുവാനും ലോകബാങ്ക് ട്രാസ്റ്റ് ടീം സന്നദ്ധമാണ്. |
| (ഇ) പദ്ധതി എത്ര വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ ? | (ഇ) | ആറ് വർഷമാണ് ഡ്രിപ്പ് പദ്ധതിയുടെ കാലയളവ്. 18.04.2012-ൽ പദ്ധതി നിലവിൽ വന്നു. |

സെക്ഷൻ ഓഫീസർ